(ഇ) സാൽവേഷൻ ആർമിയുടെ കൈവശത്തിലും കൂടി തീരുവയിലുമുള്ള 533-ാം നമ്പർ പട്ടയത്തിൽ കൊണ്ട സർവ്വേ 186/1-2-ൽ ഉൾപ്പെട്ട 68.70 സെന്റ് സ്ഥലം ഉപയോഗിച്ച് ആധാരങ്ങൾ ചമയ്ക്കുകയും അന്യകൈവശത്തിൽപ്പെട്ടതും പുറമ്പോക്കിൽപ്പെട്ടതുമായ സ്ഥലങ്ങൾ കൈവശപ്പെടുത്തുന്നതിനു വേണ്ടി ചില ആധാരങ്ങൾ ചമച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ, ഗൗരി പാർവ്വതി ഭായി തമ്പുരാട്ടിയുടെ പേരിലുള്ള 7664-ാം നമ്പർ, തണ്ടപ്പേരിൽ കൊണ്ട സർവ്വേ 144-ൽപ്പെട്ട സ്ഥലം കൈമാറ്റം ചെയ്ത് ആധാരം ചമച്ച്, വാട്ടർ അതോറിറ്റി വക 187-ൽപ്പെട്ട പുറമ്പോക്ക് സ്ഥലം കൈവശപ്പെടുത്താൻ ശ്രമിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ സത്വര നിയമനടപടികൾ ജില്ലാ ഭരണകൂടം സ്വീകരിച്ചുവരുന്നു.

ആറളം പഞ്ചായത്തിലെ കുടുംബങ്ങൾക്ക് പട്ടയം നൽകാൻ നടപടി

71 (252) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറളം പഞ്ചായത്തിൽ അമ്പലക്കണ്ടി പ്രദേശത്തെ നാനൂറോളം കുടുംബങ്ങൾക്ക് പട്ടയം നല്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ആറളം ഫാമിൽ താമസിക്കുന്ന 36 മുസ്ലീം കുടുംബങ്ങളുടെ പുനരധിവാസത്തിന് എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മാനന്തവാടി ടിഎൽബി-യുടെ ഉത്തരവ് പ്രകാരം ആറളം വില്ലേജിൽ സർവ്വേ നമ്പർ 238-ൽ ഏറ്റെടുക്കുവാനുത്തരവായ മിച്ചഭൂമി നടപ്പു കൈവശക്കാരുടെ പ്രതിഷേധം കാരണം ഇതുവരെ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഏറ്റെടുക്കുവാനുത്തരവായ മിച്ചഭൂമിയിലെ കൈവശക്കാരുടെ രേഖകൾ മാനന്തവാടി ടിഎൽബി. പരിശോധിച്ച് നടപടി എടുത്ത് വരുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ബാധകമല്ല.

പട്ടയങ്ങൾ റദ്ദ് ചെയ്ത് ഭൂമി വീണ്ടെടുക്കാൻ നടപടി

72 (253) ശ്രീ. രാജു എബ്രഹാം :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൻദേവൻ ഹിൽസ് റിസ്പ്ഷൻ ആക്ട് വഴി സർക്കാർ ഏറ്റെടുത്ത വനഭൂമി വനം വകുപ്പിനെ ഏല്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly